പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1456 — 13.06.2014 ലെ മറുപടിയ്ക്ക്

# കൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. എ. അസീസ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

**(എ)** കൃഷി ചെയ്യാതെ കിടക്കുന്ന അൻപത് സെന്റിൽ കൂടുതൽ ഭൂമി ഉള്ള ഉടമകൾക്ക് സൗജന്യമായി തൈകളും വളവും എത്തിച്ചു കൊടുത്ത് കാർഷികവൃത്തിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ;

**(എ)** കൃഷി ചെയ്യാതെ കിടക്കുന്ന 50 സെന്റിൽ കൂടുതൽ ഭൂമി ഉള്ള ഉടമകൾക്ക് സൗജന്യമായി തൈകൾ എത്തിക്കുവാനുള്ള പ്രത്യേക പദ്ധതി 2014-15-ലെ പച്ചക്കറി വികസന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ലെങ്കിലും അവർക്ക് താഴെ പറയുന്ന പദ്ധതിപ്രകാരം സഹായധനം ലഭ്യമാക്കുന്നതാണ്.

1. തരിശു നിലത്തിൽ പച്ചക്കറി കൃഷി - 2014-15 പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ തരിശു നില കൃഷിക്കായി ഹെക്ടറിന് 30,000 രൂപ സഹായധനം നൽകുന്നു. അതിൽ 25,000 രൂപ കൃഷി ചെയ്യുന്നയാൾക്കും 5000 രൂപ ഭൂവുടമക്കും ലഭിക്കും. അതായത് 50 സെന്റിന് 6000 രൂപ സഹായധനം ലഭിക്കും.
2. സ്റ്റാൻഡേർഡ് പച്ചക്കറി ക്ലസ്റ്ററുകൾക്ക് ഹെക്ടറിന് 15000 രൂപ നിരക്കിൽ സഹായധനം. ക്ലസ്റ്റർ പരിസരത്തുള്ള ബ്ലോക്കുതല നഴ്സറിയിൽ നിന്നും തൈകൾ വാങ്ങാവുന്നതാണ്.
3. 50 സെന്റിൽ കുറയാത്ത ഭൂമിയുള്ള സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾക്ക് പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് 2 ലക്ഷം രൂപ വരെ സഹായധനം നൽകുന്നു.

**(ബി)** വീട്ടുകളിലെ അടുക്കളത്തോട്ടത്തിനായി സൗജന്യ നിരക്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**(ബി)** വീട്ടുകളിലെ അടുക്കളത്തോട്ടത്തിനായി 2014-15 വർഷത്തിൽ സ്കൂൾ വിദ്യാർത്ഥികൾ വഴി 50 ലക്ഷം പച്ചക്കറിക്കിറ്റുകളും വീട്ടമ്മമാർ വഴി 5 ലക്ഷം വിത്തുകിറ്റുകളും വിതരണം ചെയ്യുന്നു. അതിൽ 25 ലക്ഷം വിത്തുകിറ്റുകൾ (500 ലക്ഷം രൂപ) പച്ചക്കറി വികസന പദ്ധതി മുഖേനയും 30 ലക്ഷം കിറ്റുകൾ (600 ലക്ഷം രൂപ) ആർ.കെ.വി.വൈ.പദ്ധതി പ്രകാരവുമാണ് വിതരണം ചെയ്യുക.

കൂടാതെ 400 ലക്ഷം രൂപക്കുള്ള 181.82 ലക്ഷം പച്ചക്കറിത്തൈകളും ആർ.കെ.വി.വൈ.പദ്ധതി പ്രകാരം നടപ്പു വർഷത്തിൽ വിതരണം ചെയ്യാനുദ്ദേശിക്കുന്നു. സംസ്ഥാനത്തെ 1076 കൃഷി ഭവനുകൾ വഴിയാണ് ശീതകാല പച്ചക്കറിത്തൈകൾ അടക്കമുള്ള തൈവിതരണം നടത്തുക.

സെക്ഷൻ ഓഫീസർ